## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2183   17.06.2014-ൽ മറുപടിക്ക്.**

**ചിട്ടി കമ്പനി ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചിട്ടി കമ്പനി ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു; | (എ) | 1982-ലെ ചിറ്റ് ഫണ്ട്സ് ആക്ട് പ്രകാരം ചിട്ടികളുടെ രജിസ്ട്രേഷൻ ആണ് നടത്തുന്നത്. ചിട്ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ചിറ്റ് ഫണ്ട്സ് ആക്ടിൽ വ്യവസ്ഥയില്ല. പാലക്കാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത ചിട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>സ്വകാര്യ ചിട്ടികൾ - 54<br>കെ.എസ്.എഫ്.ഇ - 574<br>ആകെ 628 ചിട്ടികൾ രജിസ്റ്റർ ചെയ്തു. |
| (ബി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി; | (സി) | 15 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. |
| (ഡി) | പരിശോധനാറിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | പരിശോധനാവേളയിൽ അനധികൃതമെന്ന് തോന്നിയതും റിക്കാർഡുകൾ കൃത്യമായി സൂക്ഷിക്കാത്തതുമായ ചിട്ടികളുടെ രജിസ്റ്ററുകളും പാസ്സ് ബുക്കുകളും പിടിച്ചെടുക്കുകയും ടി സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. വിശദീകരണം ലഭ്യമായതിന് ശേഷം ഗുരുതരമായ കുറ്റം കണ്ടെത്തിയ കമ്പനികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിനായി ഗവൺമെന്റ് പ്ലീഡർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡറുടെ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**